# സമീപകാല ചരിത്രപുസ്തകങ്ങളിലും കേരളത്തെ ഒന്നായി കണ്ടില്ലെന്നു ഡോ.കെ.എൻ.ഗണേഷ്

**കേരളത്തിന്റെ സ്വാതന്ത്ര്യസമര ചരിത്രം തയാറാക്കുന്നതിനു ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ശിൽപശാല സംഘടിപ്പിച്ചു**

തിരുവനന്തപുരം● കേരളം രൂപീകരിച്ചു രണ്ടു പതിറ്റാണ്ടു കഴിഞ്ഞെഴുതിയ സ്വാതന്ത്ര്യ സമര ചരിത്രത്തിൽ പോലും പല ചരിത്രകാരൻമാരും കേരളത്തെ ഒന്നായി കണ്ടില്ലെന്നു ചരിത്രകാരൻ ഡോ.കെ.എൻ.ഗണേഷ്. കൊച്ചിയും തിരുവിതാംകൂറും മലബാറുമായി വേർതിരിച്ചാണു പലരും കേരളത്തിന്റെ സംഭാവന അടയാളപ്പെടുത്തിയത്. സ്വാതന്ത്ര്യസമരത്തിൽ കേരളത്തിന്റെ സമഗ്ര ചരിത്രം എഴുതാൻ സർക്കാരിന്റെ നേതൃത്വത്തിൽ നടത്തിയ ശ്രമങ്ങൾ പല കാരണങ്ങളാൽ വിജയിച്ചില്ലെന്നും അദ്ദേഹം പറഞ്ഞു. 'കേരളത്തിന്റെ സ്വാതന്ത്ര്യസമര ചരിത്രം' തയാറാക്കുന്നതിന്റെ ഭാഗമായി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ച ചരിത്ര രചനാ ശിൽപശാലയിൽ വിഷയാവതരണം നടത്തുകയായിരുന്നു അദ്ദേഹം.

ഇന്ത്യൻ നാഷനൽ കോൺഗ്രസിന്റെ പിൻബലമില്ലാതെ കേരളത്തിൽ സ്വാതന്ത്ര്യസമര പ്രവർത്തനങ്ങൾ നടന്നിരുന്നു. മറ്റെങ്ങും നടത്താൻ നിശ്ചയിച്ച ഉപ്പു സത്യഗ്രഹം കേരളത്തിൽ സംഘടിപ്പിച്ചത് അതിന്റെ തെളിവാണ്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു കേരളത്തിൽ കാര്യമായ വിദേശാധിപത്യമുണ്ടായിരുന്നില്ല. ജന്മിമാർക്കും നാടുവാഴികൾക്കുമെതിരെയാണ് ഇവിടെ സമരം നടന്നത്. വിദേശാധിപത്യവുമായി നാടുവാഴിത്തം ചങ്ങാത്തത്തിലായിരുന്നതിനാൽ, നാടുവാഴിത്തത്തിനെതിരായ സമരം ആ നിലയ്ക്ക് ബ്രിട്ടിഷുകാർക്കെതിരെയുള്ള സമരമായും മാറിയെന്ന് അദ്ദേഹം പറഞ്ഞു.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ.എം.സത്യൻ അധ്യക്ഷത വഹിച്ചു. ഡോ.പി.മോഹൻദാസ്, അസി.ഡയറക്ടർ ഡോ.പ്രിയ വർഗീസ്, റിസർച്ച് ഓഫിസർ ടി.കെ.അമ്പിളി എന്നിവർ പ്രസംഗിച്ചു.